LIBRARY ARCHIVES Kerala Legislative Assembly

നോക്കുകൂലി

205 (590) ശ്രീ. റോജി എം. ജോൺ
ശ്രീ. പി. ടി. തോമസ്
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യത്തിന് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നോക്കുകൂലി നിർത്തലാക്കിയിട്ടും നോക്കുകൂലി നൽകാത്തതിന് അക്രമങ്ങൾ നടത്തുന്നതായി പറയപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്തെ വ്യവസായ അന്തരീക്ഷത്തെ ബാധിക്കുന്നതായി സർക്കാർ കരുതുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കർശനമായ നടപടികൾ സർക്കാർ സ്വീകരിക്കുന്നുണ്ട്. നോക്കുകൂലി തൊഴിൽ തർക്കമായി കാണുന്നില്ല. നിയമവിരുദ്ധമായ പിടിച്ചുപറി ഇല്ലാതാക്കാനുള്ള എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. പൊതുവെ സംസ്ഥാനത്ത് ശക്തിപ്പെടുന്ന വ്യവസായ സൗഹൃദാന്തരീക്ഷത്തെ ദുർബ്ബലപ്പെടുത്താൻ ചിലർ ഈ ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ച് ഉപയോഗിക്കുന്നുണ്ട്.

വ്യവസായ മേഖലാ പ്രവർത്തനങ്ങൾ

206 (591) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സംരംഭകരുടെ പരാതികൾ സമയബന്ധിതമായി തീർക്കുവാനും തടസ്സരഹിതമായി വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുവാനും ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) വ്യവസായ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാനായി വകുപ്പും സർക്കാരും നടത്തിവരുന്ന മീറ്റ് ദി മിനിസ്റ്റർ/മീറ്റ് ദ ഇൻവെസ്റ്റർ പരിപാടികളുടെ വിശദാംശം ഉൾപ്പെടെ നാളിതുവരെ നടത്തിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളിലൂടെ വ്യവസായ സംരംഭകർക്കും വ്യവസായികൾക്കും വേണ്ടിവരുന്ന സഹായങ്ങളോടൊപ്പം സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്തുവാനുള്ള സർക്കാർ ലക്ഷ്യം യാഥാർത്ഥ്യമാക്കാനായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് തടസ്സരഹിതമായ വ്യവസായ മേഖലാ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി സർക്കാർ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനുവേണ്ടി നിയമ നിർമ്മാണങ്ങൾ അനിവാര്യമായ ഘട്ടങ്ങളിൽ അവയും നടപ്പിലാക്കിയിട്ടുണ്ട്. 2018-ൽ നടപ്പിലാക്കിയ ' കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം' , 2019-ലെ ' കേരള സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം' എന്നിവ ഈ ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ നിയമനിർമ്മാണങ്ങളാണ്. വ്യവസായം ആരംഭിക്കുന്നതിന് സംരംഭകർക്കായി അനുമതികൾ ലഭ്യമാക്കുന്നതിനും പുതുക്കുന്നതിനും ഒരു ഓൺലൈൻ ഏകജാലക സംവിധാനം (കെ-സ്വിഫ്റ്റ്) നിലവിൽ വന്നിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങളിൽ വിവിധ വകുപ്പുകൾ നടത്തുന്ന പരിശോധനകൾ സുതാര്യമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനുംവേണ്ടി കെ-സിസ് (Kerala-Centralised Inspection System) എന്ന ഓൺലൈൻ കേന്ദ്രീകൃത പരിശോധനാ സംവിധാനം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തു സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി അനുമതികൾ ലഭ്യമാക്കുന്നതിനും നിക്ഷേപകരുമായി സജീവബന്ധം സ്ഥാപിക്കുന്നതിനും സംസ്ഥാനത്തെ ഉയർന്ന സാമ്പത്തിക സാദ്ധ്യതകളുള്ള മേഖലകളിലേയ്ക്ക് നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി ' കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ സെൽ' (KIPF) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതും ജില്ലാടിസ്ഥാനത്തിലും സംസ്ഥാന തലത്തിലും നിയമ പിന്തുണയുള്ള പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിക്കുന്നതിലേയ്ക്കായി സർക്കാർ 2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. സംസ്ഥാനത്ത് വ്യവസായ നടത്തിപ്പുമായി ബന്ധപ്പെട്ട നിയമങ്ങളിലോ ചട്ടങ്ങളിലോ കാലഹരണപ്പെട്ടതും യുക്തിരഹിതവുമായ ഏതെങ്കിലും വ്യവസ്ഥകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയത് പഠനംനടത്തി വ്യക്തമായ ശിപാർശയോടുകൂടിയ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഒരു മൂന്നംഗ വിദഗ്ധ കമ്മിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വ്യാവസായിക നിക്ഷേപം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി നിലവിലുള്ള വ്യവസായസംരംഭകരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ നിക്ഷേപ അപേക്ഷകൾക്ക് എന്തെങ്കിലും വകുപ്പുതല കാലതാമസം ഉണ്ടെങ്കിൽ പരിഹരിക്കാനുമായി ജില്ലാതലത്തിൽ "മീറ്റ് ദി മിനിസ്റ്റർ" പരിപാടി നടത്തിവരികയാണ്. വ്യവസായ വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ മുതലായവർ പങ്കെടുക്കുന്ന ഈ പരിപാടിയിൽ പല പ്രശ്നങ്ങൾക്കും അടിയന്തര ഇടപെടലും പരിഹാരനടപടികളും ഉണ്ടായിട്ടുണ്ട്. കൊച്ചിയിലും തിരുവനന്തപുരത്തും കോട്ടയത്തും കോഴിക്കോടും കൊല്ലത്തും തൃശ്ശൂരും ആലപ്പുഴയും മലപ്പുറത്തും കണ്ണൂരും പാലക്കാടും ഇതിനോടകം തന്നെ മീറ്റ് ദി മിനിസ്റ്റർ പരിപാടി നടത്തുകയുണ്ടായി. മേൽ പരിപാടിയിൽ ശ്രദ്ധയിൽപ്പെട്ട വിവിധ വിഷയങ്ങളിൽ ശാശ്വത പരിഹാരത്തിനായുള്ള തുടർനടപടികൾ വിവിധ ഏജൻസികളെ ഏകോപിപ്പിച്ചുകൊണ്ട് സ്വീകരിച്ചുവരുന്നു. കൂടാതെ വ്യവസായ നിക്ഷേപകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹരിക്കുന്നതിനുമായി നിക്ഷേപകരുമായി 'മീറ്റ് ദ ഇൻവെസ്റ്റർ' പരിപാടിയും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

കോവിഡ്കാലത്ത് വ്യാപാരിസൗഹൃദനയത്തിന്റെ ആവശ്യകത

207 (592) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്കാലത്ത് ധാരാളം വ്യാപാര സ്ഥാപനങ്ങൾ പൂട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കോവിഡ് കാരണം സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് പ്രതിസന്ധി നേരിടുന്നതായും ഈ മേഖലയിൽ ഉൽപ്പാദനത്തിലുള്ള കുറവ്, അസംസ്കൃത വസ്തുക്കളുടെ നഷ്ടം, ബാങ്ക് ലോണിലും മറ്റ് നിയമപരമായ തിരിച്ചടവുകളിലുമുള്ള പ്രതിസന്ധി എന്നിവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്തരം താൽക്കാലിക പ്രതിസന്ധി കാരണം പ്രസ്തുത മേഖലയിൽ വലിയതോതിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഹോട്ടലുകൾക്ക് പാഴ്സൽ മാത്രം എന്ന സാഹചര്യത്തിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത അവസ്ഥയെ ഏതുരീതിയിലാണ് പരിഹരിക്കാൻ സർക്കാർ ശ്രമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?